# 035/2023-M

Maximum : 100 marks

Time : 1 hour and 30 minutes

1. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യ സമരം ഏത്?
   (A) ഖേദ
   (B) അഹമ്മദാബാദ്
   (C) ചമ്പാരൻ
   (D) ലക്നൗ

2. വട്ടമേശ സമ്മേളനവുമായി ബന്ധപ്പെട്ട തെറ്റായ പ്രസ്താവനകൾ ഏതെല്ലാം?
   (1) വട്ടമേശ സമ്മേളനങ്ങൾ അമേരിക്കയിലാണ് നടന്നത്.
   (2) ഗാന്ധിജി രണ്ടാം വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്തു.
   (3) 1931 ലാണ് മൂന്നാം വട്ടമേശ സമ്മേളനം നടന്നത്.
   (4) സരോജിനി നായിഡു രണ്ടാം വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്തു.
   (A) (1) ഉം (3) ഉം (4) ഉം
   (B) (2) ഉം (3) ഉം (4) ഉം
   (C) (2) ഉം (4) ഉം
   (D) (1) ഉം (3) ഉം

3. മാർത്താണ്ഡവർമ്മയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ ഏതെല്ലാം?
   (1) 1741 ലെ കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ പരാജയപ്പെടുത്തി
   (2) 1768 ൽ മാർത്താണ്ഡവർമ്മ അന്തരിച്ചു
   (3) ആധുനിക തിരുവിതാംകൂറിന്റെ ശില്പി എന്നറിയപ്പെടുന്നു
   (4) 1729 ൽ തൃപ്പടിദാനം നടത്തി
   (A) (1) മാത്രം
   (B) (2) മാത്രം
   (C) (1) ഉം (3) ഉം (4) ഉം
   (D) ഇവയെല്ലാം

4. പഴശ്ശിരാജാവിന്റെ ജീവിതത്തെ ഇതിവൃത്തമാക്കി 'കേരളസിംഹം' എന്ന ചരിത്ര നോവൽ രചിച്ചതാര്?
   (A) എ. ശ്രീധരമേനോൻ
   (B) സർദാർ കെ.എം. പണിക്കർ
   (C) രാജൻ ഗുരുക്കൾ
   (D) ഇളംകുളം കുഞ്ഞൻപിള്ള

5. സ്വാതന്ത്ര്യം, സാഹോദര്യം, സമത്വം എന്നിവ ഏതു വിപ്ലവവുമായി ബന്ധപ്പെട്ടിരിക്കുന്നു?
   (A) റഷ്യൻ വിപ്ലവം
   (B) രക്തരഹിത വിപ്ലവം
   (C) ചൈനീസ് വിപ്ലവം
   (D) ഫ്രഞ്ചു വിപ്ലവം

6. 'ലോകത്തിലെ ആദ്യത്തെ താളിയോല മ്യൂസിയം' ഇന്ത്യയിൽ ഏതു സംസ്ഥാനത്താണ് സ്ഥിതിചെയ്യുന്നത്?

(A) തമിഴ്നാട് (B) കേരളം
(C) കർണ്ണാടക (D) ഗുജറാത്ത്

7. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, സുന്ദർബൻസ്, മഹാനദി, കൃഷ്ണ, ഗോദാവരി എന്നീ നദികളുടെ പ്രദേശങ്ങൾ ———— വനങ്ങൾക്ക് പ്രസിദ്ധമാണ്.

(A) മുൾക്കാടുകൾ (B) കണ്ടൽ വനങ്ങൾ
(C) പൈൻ വനങ്ങൾ (D) ഇലപൊഴിയും വനങ്ങൾ

8. താഴെ കൊടുത്തിരിക്കുന്ന സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ നാഗരിക ജനസംഖ്യയുള്ള സംസ്ഥാനമേത്?

(A) തമിഴ്നാട് (B) ഗുജറാത്ത്
(C) കർണ്ണാടക (D) മഹാരാഷ്ട്ര

9. തെളിഞ്ഞ ആകാശമുള്ള രാത്രികളിൽ മേഘാവൃതമായ രാത്രികളെക്കാൾ കൂടുതൽ തണുപ്പുതോന്നാൻ കാരണം :

(A) ഖനീകരണം (B) ഭൗമതാപവികിരണം
(C) ഇൻസൊലേഷൻ (D) താപസംനയനം

10. കേരളത്തെ സംബന്ധിച്ച താഴെ കൊടുത്തിരിക്കുന്ന വസ്തുതകൾ പരിശോധിച്ച് ശരിയായ പ്രസ്താവനകൾ കണ്ടെത്തുക :

(1) ഇന്ത്യയിലെ ഏറ്റവും കൂടിയ ലിംഗാനുപാതം ഉള്ള സംസ്ഥാനമാണ്
(2) ഇന്ത്യയുടെ 'സിലിക്കൺ വാലി' എന്നറിയപ്പെടുന്നു
(3) കേരളത്തിലെ ഏറ്റവും വലിയ നദി കാവേരി ആണ്
(4) ഏറ്റവും കൂടുതൽ സാക്ഷരതയുള്ള സംസ്ഥാനം

(A) (1), (2), (3), (4) ശരിയാണ് (B) (2), (3) ശരിയാണ്
(C) (1), (4) ശരിയാണ് (D) (2), (4) ശരിയാണ്

11. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഹരിതഗൃഹവാതകം അല്ലാത്തതേത്?

(A) നൈട്രജൻ (B) $CO_2$
(C) മീഥേൻ (D) ക്ലോറോഫ്ലൂറോ കാർബൺ

12. ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| $A_1$ | കൽപ്പാക്കം | (1) | ന്യൂസ്പ്രിന്റ് |
| $B_1$ | ഝാരിയ | (2) | എണ്ണ ശുദ്ധീകരണശാല |
| $C_1$ | മഥുര | (3) | കൽക്കരി ഖനനം |
| $D_1$ | നേപ്പാനഗർ | (4) | ആണവ നിലയം |

Options :

| | $A_1$ | $B_1$ | $C_1$ | $D_1$ |
|---|---|---|---|---|
| (A) | (4) | (2) | (1) | (3) |
| (B) | (4) | (3) | (2) | (1) |
| (C) | (1) | (2) | (3) | (4) |
| (D) | (3) | (4) | (1) | (2) |

13. താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയേത്?

(i) കോർപ്പറേറ്റ് നികുതി, വ്യക്തിഗത ആദായനികുതി എന്നിവ കേന്ദ്ര സർക്കാർ ചുമത്തുന്നതാണ്

(ii) വസ്തു നികുതി, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ കേന്ദ്ര സർക്കാർ ചുമത്തുന്നതാണ്

(iii) കോർപ്പറേറ്റ് നികുതി, യൂണിയൻ എക്സൈസ് ഡ്യൂട്ടി എന്നിവ കേന്ദ്ര സർക്കാർ ചുമത്തുന്നതാണ്

(A) പ്രസ്താവന (i) & (iii)
(B) പ്രസ്താവന (ii) & (iii)
(C) പ്രസ്താവന (iii) മാത്രം
(D) എല്ലാം ശരിയാണ്

14. 'കോട്ടോണോപോളിസ് ' എന്നു വിശേഷിപ്പിക്കുന്ന ഇന്ത്യയിലെ നഗരം :

(A) ചെന്നൈ
(B) മുംബൈ
(C) കൊച്ചി
(D) നോയിഡ

15. പുറം വാങ്ങൽ (outsourcing) താഴെപ്പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ഉദാരവത്ക്കരണം
(B) സ്വകാര്യവത്ക്കരണം
(C) ആഗോളവത്ക്കരണം
(D) ഡിസ്ഇൻവെസ്റ്റ്മെന്റ്

16. ഇന്ത്യൻ പ്ലാനിങ്ങിന്റെ ശില്പി :

(A) ദാദാബായ് നവറോജി
(B) ജവഹർലാൽ നെഹ്റു
(C) എം.എസ്. സ്വാമിനാഥൻ
(D) പ്രശാന്ത ചന്ദ്ര മഹാലനോബിസ്

17. താഴെപ്പറയുന്ന പ്രസ്താവനകളിൽ ശരിയേത്?

(i) ഇന്ത്യയിലെ ഏറ്റവും വലിയ ധാതു അധിഷ്ഠിത വ്യവസായമാണ് ഇരുമ്പുരുക്ക് വ്യവസായം

(ii) ഏറ്റവും വലിയ സ്വകാര്യമേഖലാ ഇരുമ്പുരുക്ക് വ്യവസായശാല സ്ഥിതിചെയ്യുന്നത് ജംഷഡ്പൂർ ആണ്

(iii) പൊതുമേഖലയിലെ ആദ്യ ഇരുമ്പുരുക്ക് വ്യവസായശാലയാണ് ടാറ്റാ ഇരുമ്പുരുക്ക് കമ്പനി (TISCO)

(A) പ്രസ്താവന (ii) & (iii)
(B) പ്രസ്താവന (i) & (ii)
(C) പ്രസ്താവന (i) & (iii)
(D) എല്ലാം ശരിയാണ്

18. ചെറു ധാന്യങ്ങളുടെ (മില്ലറ്റ്) വർഷമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ചിരിക്കുന്നത് :

(A) 2021
(B) 2023
(C) 2024
(D) 2000

19. ചെറുഭരണഘടന എന്നറിയപ്പെടുന്ന ഭേദഗതി :

(A) 39
(B) 42
(C) 44
(D) 38

20. പഞ്ചായത്ത് രാജിന് ഭരണഘടനാ അംഗീകാരം നൽകാൻ ശുപാർശ ചെയ്ത കമ്മിറ്റി :

(A) ബൽവന്ത്റായ് മേത്ത കമ്മിറ്റി
(B) ജി.വി.കെ. റാവു കമ്മിറ്റി
(C) പി.കെ. തുംഗൻ കമ്മിറ്റി
(D) അശോക് മേത്ത കമ്മിറ്റി

21. ഭരണഘടനാ നിർമ്മാണസഭയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം?

(1) ക്യാബിനറ്റ് മിഷന്റെ ശുപാർശപ്രകാരം സ്ഥാപിക്കപ്പെട്ടു

(2) ലക്ഷ്യപ്രമേയം അവതരിപ്പിച്ചത് ജവഹർലാൽ നെഹ്റു ആണ്

(3) ആദ്യ സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചത് ഡോ. രാജേന്ദ്രപ്രസാദ് ആണ്

(4) ഭരണഘടനാ ഉപദേശകൻ ഡോ. ബി.ആർ. അംബേദ്കർ ആയിരുന്നു

(A) (1), (2)
(B) (2), (3), (4)
(C) (1), (3), (4)
(D) (1), (2), (4)

22. സെൻസസ് (കാനേഷുമാരി) ഏതിൽ ഉൾപ്പെടുന്നു?

(A) കൺകറന്റ് ലിസ്റ്റ്
(B) യൂണിയൻ ലിസ്റ്റ്
(C) സ്റ്റേറ്റ് ലിസ്റ്റ്
(D) അവശിഷ്ട അധികാരങ്ങൾ

23. ഹേബിയസ് കോർപസ് റിട്ട് ആദ്യമായി എഴുതപ്പെട്ടത് എവിടെയാണ്?

(A) മാഗ്നകാർട്ട
(B) ബിൽ ഓഫ് റൈറ്റ്സ്
(C) റെഗുലേറ്റിംഗ് ആക്ട്
(D) കവനന്റ്

24. കരുതൽ തടങ്കലിനെക്കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പ് :
(A) Art. 20
(B) Art. 21
(C) Art. 21 A
(D) Art. 22

25. താഴെ തന്നിരിക്കുന്നവയിൽ ശരിയായ ജോഡി കണ്ടെത്തുക :

| ഭരണഘടനാ ആശയങ്ങൾ | | കടം കൊണ്ട രാജ്യങ്ങൾ |
|---|---|---|
| (1) ഏക പൗരത്വം | – | ബ്രിട്ടൻ |
| (2) ഭരണഘടനാ ഭേദഗതി | – | കാനഡ |
| (3) അടിയന്തരാവസ്ഥ | – | ആസ്ട്രേലിയ |
| (4) മൗലികകടമകൾ | – | യു.എസ്.എസ്. ആർ.(USSR) |

(A) (1), (3), (4)
(B) (1), (2)
(C) (1), (2), (3)
(D) (1), (4)

26. ഇന്ത്യയിലെ ആദ്യ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ :
(A) സുകുമാർ സെൻ
(B) കെ.വി.കെ. സുന്ദരം
(C) എസ്.പി. സെൻ വർമ്മ
(D) ടി. സ്വാമിനാഥൻ

27. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വൈസ് ചെയർമാൻ :
(A) ആഭ്യന്തരമന്ത്രി
(B) ചീഫ് സെക്രട്ടറി
(C) റവന്യൂ മന്ത്രി
(D) മുഖ്യമന്ത്രി

28. തണ്ണീർത്തട സംരക്ഷണത്തിനായുള്ള അന്തർദ്ദേശീയ കരാർ :
(A) മാസ്ട്രിച്ച് ഉടമ്പടി
(B) റംസാർ കൺവൻഷൻ
(C) നഗോയ ഉടമ്പടി
(D) മോൺട്രിയൽ ഉടമ്പടി

29. കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതി :
(A) ആശ്വാസ്
(B) ആപ്തമിത്ര
(C) അനുയാത്ര
(D) ആർദ്രം

30. നീതി ആയോഗിന്റെ [NITI Aayog] ഇപ്പോഴത്തെ വൈസ് ചെയർ പേഴ്സൺ :
(A) സുമൻ ബെറി
(B) അരവിന്ദ് പനഗരിയ
(C) പരമേശ്വരൻ അയ്യർ
(D) ഡോ. വി.കെ. സരസ്വത്

31. ഇന്ത്യയിലെ ആദ്യ ഭരണഘടനാ സാക്ഷര ജില്ല :
(A) തിരുവനന്തപുരം
(B) കൊല്ലം
(C) എറണാകുളം
(D) തൃശ്ശൂർ

32. താഴെപ്പറയുന്നവയിൽ ദഹനഗ്രന്ഥികൾ അല്ലാത്തത് ഏതൊക്കെ?

(1) ആഗ്നേയഗ്രന്ഥി

(2) പാരാതൈറോയിഡ് ഗ്രന്ഥി

(3) ഉമിനീർ ഗ്രന്ഥി

(4) തൈറോയിഡ് ഗ്രന്ഥി

(A) (1), (4) എന്നിവ
(B) (2), (3) എന്നിവ
(C) (2), (4) എന്നിവ
(D) (3), (4) എന്നിവ

33. ഹിപ്പോകാമ്പസ് എന്ന ശരീരഭാഗം ഏത് അവയവത്തിലാണ് കാണുന്നത്?

(A) തലച്ചോറ്
(B) വൃക്ക
(C) ഹൃദയം
(D) ശ്വാസകോശം

34. ഏത് രോഗം സ്ഥിരീകരിക്കുന്നതിനാണ് 'വൈഡൽ' പരിശോധന നടത്തുന്നത്?

(A) ന്യൂമോണിയ
(B) പ്ലേഗ്
(C) ഡിഫ്ത്തീരിയ
(D) ടൈഫോയ്ഡ്

35. ആൽഫാ ഇന്റർഫെറോണുകളുടെ ഉപയോഗം എന്ത്?

(A) ഹൃദയമിടിപ്പ് ക്രമമാക്കുന്നു
(B) രോഗപ്രതിരോധ വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നു
(C) പ്രോട്ടീൻ നിർമ്മാണം വേഗത്തിലാക്കുന്നു
(D) ഉപാപചയ നിരക്ക് കൂട്ടുന്നു

36. പ്ലാസ്റ്റിക് മാലിന്യത്തെ പുനഃചംക്രമണം ചെയ്തുണ്ടാക്കിയ വസ്തു ഏത്?

(A) പോളിബ്ലെൻഡ്
(B) കാഡ്മിയം
(C) ബിറ്റുമെൻ
(D) ലെഡ്

37. താഴെപ്പറയുന്നവയിൽ ഏതുമായിട്ടാണ് 'ബിഷ്നോയ്' വിഭാഗക്കാർ ബന്ധപ്പെട്ടിരിക്കുന്നത്?

(A) വനനശീകരണം
(B) കന്നുകാലി പരിപാലനം
(C) വനസംരക്ഷണം
(D) ജൂം കൾട്ടിവേഷൻ

38. ഭൂമി അതിന്റെ അച്ചുതണ്ടിലെ കറക്കം നിലയ്ക്കുമ്പോൾ ഭൂഗുരുത്വത്വരണവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത്?

(A) ഭൂമദ്ധ്യരേഖയിലെ 'g' കൂടുന്നു
(B) ധ്രുവങ്ങളിലെ 'g' കുറയുന്നു
(C) ഭൂമദ്ധ്യരേഖയിലെ 'g' കുറയുന്നു
(D) ധ്രുവങ്ങളിലെ 'g' കൂടുന്നു

39. ഒരു കോൺകേവ് ദർപ്പണത്തിനെ അതിന്റെ ഒപ്റ്റിക് അക്ഷത്തിൽ തിരശ്ചീനമായി പകുതിയായി മുറിച്ചാൽ അതിന്റെ ഫോക്കൽ ദൂരം (f) ———— ആകുന്നു.

(A) ഇരട്ടിയാകുന്നു (2f)
(B) പകുതിയാകുന്നു (f/2)
(C) നാല് മടങ്ങ് വർദ്ധിക്കുന്നു (4f)
(D) ഒരു മാറ്റവും സംഭവിക്കുന്നില്ല

40. ക്യാപിലറി (Capillary) കുഴലുകളിലൂടെയുള്ള ദ്രാവകത്തിന്റെ കേശിക ഉയർച്ചയ്ക്ക് കാരണമായ തെന്ത്?

(A) പ്രതലബലം
(B) വിസ്കോസിറ്റി
(C) ഭൂഗുരുത്വബലം
(D) പ്ലവനബലം

41. ഏതു മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനത്തിനാണ് 2022 ലെ ഭൗതികശാസ്ത്ര നോബെൽ സമ്മാനം (Nobel Prize) ലഭ്യമായത്?

(A) ക്വാണ്ടം മെക്കാനിക്സ്
(B) ന്യൂക്ലിയർ ഫിസിക്സ്
(C) തെർമോ ഡൈനാമിക്സ്
(D) പരിസ്ഥിതിശാസ്ത്രം

42. ഒരു ലിറ്റർ ലായനിയിൽ അടങ്ങിയിരിക്കുന്ന ലീനത്തിന്റെ മോളുകളുടെ എണ്ണമാണ് :

(A) മൊളാലിറ്റി
(B) മോൾ ഭിന്നം
(C) മൊളാരിറ്റി
(D) നോർമാലിറ്റി

43. ചുവടെ നൽകിയിരിക്കുന്ന അയിരുകളിൽ അലുമിനിയം അടങ്ങിയിട്ടില്ലാത്തത് ഏത്?

(A) ക്രയോലൈറ്റ്
(B) കയോലിനൈറ്റ്
(C) ബോക്സൈറ്റ്
(D) സിഡറൈറ്റ്

44. വിദ്യുത്കാന്തിക സ്പെക്ട്രത്തിന്റെ ദൃശ്യമേഖലയിൽ കാണാനാകുന്ന ഹൈഡ്രജന്റെ സ്പെക്ട്രൽ രേഖകളുടെ ശ്രേണി :

(A) പാഷെൻ
(B) ബാമർ
(C) ലൈമാൻ
(D) ബ്രാക്കറ്റ്

45. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏറ്റവും ഉയർന്ന നെഗറ്റീവ് ഇലക്ട്രോൺ ആർജിത എൻഥാൽപി ഉള്ളത് ഏതിനാണ്?

(A) ക്ലോറിൻ
(B) ഫോസ്ഫറസ്
(C) സൾഫർ
(D) ഫ്ലൂറിൻ

46. ഭൈരവികോലം ഏതു കലയുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) കുമ്മാട്ടിക്കളി
(B) മുടിയേറ്റ്
(C) പടയണി
(D) പൂരക്കളി

47. പുളിയർമല ജൈനക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം :

(A) ജൈനിമേട്	(B) മട്ടാഞ്ചേരി

(C) കല്പറ്റ	(D) സുൽത്താൻ ബത്തേരി

48. 74-ാം റിപ്പബ്ലിക്ക് ദിനപരേഡിൽ ഇന്ത്യയുടെ മുഖ്യ അതിഥി ആരായിരുന്നു?

(A) മെഹമൂദ് അബ്ബാസ്

(B) ഖാബൂസ് ബിൻ സെയ്ദ്

(C) അബ്ദുൽ ഫത്താഹ് ഖലീൽ അൽസിസി

(D) റെജെപ് തയ്യിപ് എർദ്വാൻ

49. ഫിറോസ്ഷാ കോട്‌ല സ്റ്റേഡിയം ഏതു പേരിലാണ് പുനർനാമകരണം ചെയ്യപ്പെട്ടത്?

(A) അരുൺ ജെയ്റ്റ്ലി സ്റ്റേഡിയം	(B) വാംഖഡെ സ്റ്റേഡിയം

(C) ജവഹർലാൽ നെഹ്റു സ്റ്റേഡിയം	(D) മൗലാനാ ആസാദ് സ്റ്റേഡിയം

50. കാലം കൃത്യമായി രേഖപ്പെടുത്തിയ അറബി മലയാള സാഹിത്യത്തിലെ പ്രഥമ കൃതിയേത്?

(A) വെള്ളപ്പൊക്കമാല	(B) ദുബായ് കത്തു പാട്ട്

(C) മുഹ്യിദ്ദീൻമാല	(D) ദുരാചാരമാല

51. താഴെ തന്നിരിക്കുന്നതിൽ ആദ്യ രണ്ട് ഒറ്റ അഭാജ്യസംഖ്യകളുടെ ഗുണനഫലമേതാണ്?

(A) 15	(B) 6

(C) 12	(D) 35

52. ഒരാൾ P-യിൽ നിന്നും Q-യിലേക്ക് ശരാശരി 60 km/hr വേഗതയിൽ കാറിൽ സഞ്ചരിക്കുന്നു. ശരാശരി 90 km/hr വേഗതയിൽ P-യിലേക്ക് മടങ്ങുന്നു. അയാളുടെ യാത്രയുടെ ശരാശരി വേഗതയെത്ര?

(A) 62	(B) 72

(C) 36	(D) ഇവയൊന്നുമല്ല

53. $\frac{x}{2}+\frac{1}{4}=\frac{3}{4}$, ആയാൽ $x$ -ന്റെ വിലയെന്ത്?

(A) $\frac{1}{2}$	(B) $-1$

(C) 3	(D) 1

54. A, B-യുടെ അമ്മയും C, B-യുടെ സഹോദരനും D, C-യുടെ അച്ഛനുമായാൽ A, D-യുടെ ആരാണ്?

(A) ഭർത്താവ്
(B) സഹോദരി
(C) ഭാര്യ
(D) മകൾ

55. ശ്രേണിയിലെ അടുത്ത സംഖ്യയേത്?

1, 2, 5, 26, ———

(A) 617
(B) 666
(C) 676
(D) 677

56. ശ്രേണിയിൽ വിട്ടുപോയ ഭാഗം പൂരിപ്പിക്കുക :

CEF, GIJ, KMN, ———

(A) ORS
(B) OQR
(C) OPQ
(D) OQP

57. വ്യത്യസ്തമായത് തെരഞ്ഞെടുക്കുക :

(A) സമചതുരം
(B) ത്രികോണം
(C) ചതുരം
(D) ചതുരസ്തംഭം

58. 2023 Feb. 14 ചൊവ്വാഴ്ചയായാൽ 2023 Oct. 3 ഏത് ദിവസമാണ്?

(A) ബുധൻ
(B) തിങ്കൾ
(C) വ്യാഴം
(D) ചൊവ്വ

59. 'TIGER' എന്ന വാക്കിനെ 'TEGIR' എന്നെഴുതിയാൽ 'HORSE' എന്ന വാക്ക് താഴെപ്പറയുന്നവയിൽ ഏതാണ്?

(A) HERSO
(B) HROSE
(C) HEROS
(D) HRSOE

60. A ഒരു ജോലി 8 ദിവസം കൊണ്ട് ചെയ്തുതീർക്കുന്നു. B അതേ ജോലി 10 ദിവസം കൊണ്ട് ചെയ്തു തീർക്കുന്നു. എന്നാൽ A-യും B-യും ചേർന്ന് ആ ജോലി എത്ര ദിവസംകൊണ്ട് ചെയ്തുതീർക്കാം?

(A) $\frac{40}{6}$
(B) $\frac{9}{40}$
(C) $\frac{40}{9}$
(D) $\frac{6}{40}$

61. He went to Chennai ———— train.

(A) on
(B) in
(C) by
(D) at

62. Different people ———— different dreams and aspirations.

(A) have
(B) was
(C) has
(D) are

63. Complete the question choosing the appropriate question tag from the options given :
I am smart, ———— ?

(A) am I?
(B) amn't I?
(C) are I ?
(D) aren't I?

64. Change to Indirect Speech :
The CEO asked Ramesh : "Have you finished the project?"

(A) The CEO asked Ramesh whether he has finished the project
(B) The CEO asked Ramesh whether he had finished the project
(C) The CEO asked Ramesh that whether he had finished the project
(D) The CEO asked Ramesh that whether he has finished the project

65. Change to Passive Voice :
Thousands of tourists visit Kanya Kumari every year.

(A) Kanya Kumari was visited by thousands of tourists every year
(B) Kanya Kumari was been visited by thousands of tourists every year
(C) Kanya Kumari is visited by thousands of tourists every year
(D) Kanya Kumari is been visited by thousands of tourists every year

66. "We have to ———— the meeting, as there is no power supply".

(A) put off
(B) put in
(C) put up
(D) put out

67. The project report requires a clear idea. Replace the word underlined with a suitable word from the options :

(A) Clarification
(B) Clarity
(C) Clearing
(D) Clearer

68. 'I think she is a snake in the grass'. The explanation of the sentence is :

(A) I think she likes snakes
(B) I think she catches snakes
(C) I think she is not trustworthy
(D) I think snakes are found in grassy places

69. The expansion of QR Code is :

(A) Quality Reassured Code
(B) Quality Rating Code
(C) Quick Reading Code
(D) Quick Response Code

70. The last two years have seen a ———— of eateries in our street.

(A) propulsion
(B) production
(C) projection
(D) proliferation

**71.** താഴെ കൊടുത്തിരിക്കുന്നവയിൽ 'കഷ്ടപ്പെടുത്തുക' എന്ന അർത്ഥം വരുന്ന ശൈലി ഏത്?
(i) ചെണ്ട കൊട്ടിക്കുക
(ii) ശ്ലോകത്തിൽ കഴിക്കുക
(iii) ശതകം ചൊല്ലിക്കുക
(iv) ദീപാളി കുളിക്കുക
(A) (i), (iv) മാത്രം ശരി
(B) (iii) മാത്രം ശരി
(C) (i) മാത്രം ശരി
(D) (iv) മാത്രം ശരി

**72.** താഴെ തന്നിട്ടുള്ള പര്യായപദങ്ങളെ ശരിയായ രീതിയിൽ ചേരുംപടി ചേർക്കുക :

| | | | |
|---|---|---|---|
| (i) | മയിൽ | (a) | കുമുദം, കൈരവം |
| (ii) | ആമ്പൽ | (b) | കുസുമം, സൂനം |
| (iii) | പൂവ് | (c) | കോകിലം, പികം |
| (iv) | കുയിൽ | (d) | കേകി, ബർഹി |

(A) (i)-(b) (ii)-(a) (iii)-(d) (iv)-(c)
(B) (i)-(a) (ii)-(c) (iii)-(d) (iv)-(b)
(C) (i)-(d) (ii)-(a) (iii)-(b) (iv)-(c)
(D) (i)-(d) (ii)-(a) (iii)-(c) (iv)-(b)

**73.** 'തല + കെട്ട്' ചേർത്തെഴുതിയാൽ :
(i) തലകെട്ട്
(ii) തലേക്കെട്ട്
(iii) തലക്കെട്ട്
(iv) തലേകെട്ട്
(A) (i) ഉം (iii) ഉം ശരി
(B) (iv) ഉം (ii) ഉം ശരി
(C) (ii) മാത്രം ശരി
(D) (iii) മാത്രം ശരി

**74.** ചുവടെ തന്നിട്ടുള്ള വിപരീതപദങ്ങളിൽ ശരിയായത് ഏതെല്ലാം?

| | | | | |
|---|---|---|---|---|
| (i) | ആർജവം | × | (a) | ഭൗതികം |
| (ii) | ആത്മീയം | × | (b) | കൗടില്യം |
| (iii) | ആദാനം | × | (c) | ബാഹ്യം |
| (iv) | ആന്തരം | × | (d) | പ്രദാനം |

(A) (i)-(b) (ii)-(a) (iii)-(d) (iv)-(c)
(B) (i)-(d) (ii)-(b) (iii)-(c) (iv)-(a)
(C) (i)-(b) (ii)-(d) (iii)-(a) (iv)-(c)
(D) (i)-(d) (ii)-(a) (iii)-(c) (iv)-(b)

**75.** എത്ര ഉണ്ടായാലും അല്പത്തരം മാറാത്തവരുടെ സ്വഭാവത്തെ ഹാസ്യാത്മകമായി ചിത്രീകരിക്കുന്ന പഴഞ്ചൊല്ല് ഏത്?
(A) കൂറ കപ്പിലിൽ പോയ പോലെ
(B) ഉണ്ടവന് ഇടം കിട്ടാഞ്ഞിട്ട് ഉണ്ണാത്തവന് ഇല കിട്ടാഞ്ഞിട്ട്
(C) നായയ്ക്ക് സമുദ്രത്തിലെത്തിയാലും നക്കിക്കുടി
(D) ഇരുവഴി കണ്ടാൽ പെരുവഴി പോകണം

76. ചുവടെ തന്നിട്ടുള്ള ഒറ്റപ്പദങ്ങളെ ശരിയായി ക്രമപ്പെടുത്തുക.:

| | | | |
|---|---|---|---|
| (i) | മകളുടെ മകൻ | (a) | ഭാഗിനേയൻ |
| (ii) | ഭാര്യയുടെ പിതാവ് | (b) | ദൗഹിത്രൻ |
| (iii) | സഹോദരീപുത്രൻ | (c) | സ്യാലൻ |
| (iv) | സഹോദരിയുടെ ഭർത്താവ് | (d) | ശ്വശുരൻ |

(A) (i)-(d) (ii)-(b) (iii)-(a) (iv)-(c)
(B) (i)-(b) (ii)-(d) (iii)-(a) (iv)-(c)
(C) (i)-(b) (ii)-(d) (iii)-(c) (iv)-(a)
(D) (i)-(d) (ii)-(a) (iii)-(b) (iv)-(c)

77. തെറ്റായ പദങ്ങൾ കണ്ടെത്തുക :

(i) ഐക്യമത്യം
(ii) നിരൂപിക
(iii) വേഗത
(iv) വലുപ്പം

(A) (i) ഉം (iv) ഉം ശരി
(B) (ii) മാത്രം ശരി
(C) (ii) ഉം (iii) ഉം ശരി
(D) (i) ഉം (iii) ഉം ശരി

78. താഴെ തന്നിരിക്കുന്നവയിൽ 'സ്പർശിക്കാൻ പാടില്ലാത്തവൻ' എന്ന അർത്ഥം വരുന്ന പദം ഏത്?

(i) അസ്പൃഷ്ഠൻ
(ii) അസ്പൃശ്യൻ
(iii) അസ്പർശ്യൻ
(iv) അസ്പഷ്ടൻ

(A) (ii) മാത്രം ശരി
(B) (ii) ഉം (iii) ഉം ശരി
(C) (iv) മാത്രം ശരി
(D) (i) ഉം (iii) ഉം ശരി

79. 'ആചാര്യൻ' എന്ന പദം ഏതു തരം ബഹുവചന രൂപമാണ്?

(i) അലിംഗ ബഹുവചനം
(ii) പൂജക ബഹുവചനം
(iii) സലിംഗ ബഹുവചനം
(iv) പുല്ലിംഗ ബഹുവചനം

(A) (i) ഉം (iii) ഉം ശരി
(B) (ii) മാത്രം ശരി
(C) (ii) ഉം (iv) ഉം ശരി
(D) (iii) മാത്രം ശരി

80. ശരിയായ മലയാള തർജ്ജമ ഏതാണ്?

(A) Fly on the wall – നേരത്തേ ഉണരുന്ന ആൾ
(B) Out of the woods – അതീവ സന്തോഷം
(C) Down to earth – ഗൗരവ സ്വഭാവം
(D) Once in a blue moon – വിരളമായി

81. കേരളത്തിൽ സ്വാഭാവികമായി കാണപ്പെടാത്ത ഒരു വൃക്ഷയിനമാണ് :

(A) രക്തചന്ദനം
(B) കറവേങ്ങ
(C) മലമ്പുന്ന
(D) ഇരുൾ

82. വനങ്ങളുടെയും വന്യജീവികളുടെയും സംരക്ഷണം, പൗരന്റെ അടിസ്ഥാന കടമയാണെന്ന് വ്യക്തമാക്കുന്ന, ഭരണഘടനയിലെ ആർട്ടിക്കിൾ ഏത്?

(A) 51 A (c)
(B) 51 A (g)
(C) 51 A (b)
(D) 51 A (k)

83. അധിനിവേശ സസ്യം/ജന്തു വിഭാഗത്തിൽ പെടാത്തതേത്?

(A) ചെഞ്ചെവിയൻ ആമ (RED EARED SLIDER)
(B) ആഫ്രിക്കൻ മുഷി (AFRICAN CAT FISH)
(C) കാട്ടുപന്നി (WILD BOAR)
(D) ധൃതരാഷ്ട്രപച്ച (BITTER VINE)

84. അന്താരാഷ്ട്ര കടുവാ ദിനമായി ആചരിക്കുന്ന ദിവസം :

(A) ജൂൺ 5
(B) ജൂലൈ 17
(C) ജൂലൈ 29
(D) ജൂൺ 26

85. പാലങ്ങൾ, റെയിൽവേ സ്ലീപ്പറുകൾ മുതലായവയുടെ നിർമ്മാണത്തിന് ഉപയോഗിച്ചിരുന്നത് ഏത് വൃക്ഷത്തിന്റെ തടിയാണ്?

(A) മഹാഗണി
(B) ഈട്ടി
(C) പ്ലാവ്
(D) കമ്പകം

86. പശ്ചിമഘട്ടം ഒരു ———————— ആണ്.

(A) യുനസ്കോ ബയോസ്ഫിയർ റിസർവ്വ്

(B) യുനസ്കോ ബയോഡൈവേഴ്സിറ്റി ഹോട്ട്സ്പോട്ട്

(C) യുനസ്കോ വേൾഡ് ഹെറിറ്റേജ് സെന്റർ

(D) നീലഗിരി ബയോസ്ഫിയർ റിസർവ്വ്

87. വംശനാശം സംഭവിച്ചതായി ഒരു നൂറ്റാണ്ടിലേറെ കരുതപ്പെടുകയും, പിൽക്കാലത്ത് ഇവ കേരളത്തിലെ വന മേഖലകളിലും ഉള്ളതായി കണ്ടെത്തിയ ഒരു പക്ഷിയാണ് :

(A) ചെമ്പൻ നത്ത്

(B) ചെങ്കണ്ണി തിത്തിരി

(C) മഞ്ഞക്കണ്ണി തിത്തിരി

(D) മാക്കാച്ചിക്കാട

88. CITES അപ്പന്റിക്സ് I, II, III എന്നിവയിൽ ഉൾപ്പെട്ട വിദേശയിനം ജീവികളെ ———————— വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് സ്വകാര്യ വ്യക്തികൾക്കു വളർത്താൻ അനുവാദമുണ്ട്.

(A) PARIVESH

(B) MOEFCC

(C) TRAFFIC

(D) സംസ്ഥാന വനംവകുപ്പ്

89. പശ്ചിമഘട്ടത്തിലെ പ്രാദേശികയിനം (endemic species) അല്ലാത്തത് ഏത്?

(A) പാതാളത്തവള

(B) തവിടൻവെരുക്

(C) സിംഹവാലൻ കുരങ്ങ്

(D) വരയാട്

90. ചാമ്പൽ മലയണ്ണാൻ സ്വാഭാവികമായി കാണപ്പെടുന്ന കേരളത്തിലെ വന്യജീവിസങ്കേതം ഏത്?

(A) ഇടുക്കി

(B) പീച്ചി

(C) ചിന്നാർ

(D) നെയ്യാർ

91. പാമ്പുകളുടെ സംരക്ഷണാർത്ഥമുള്ള കേരള വനംവകുപ്പിന്റെ മൊബൈൽ ആപ് ആണ് :

(A) സ്നേക് പീഡിയ
(B) സർപ്പ
(C) സ്നേക് ഹബ്
(D) സ്നേക് ലെൻസ്

92. ദേശീയോദ്യാനമല്ലാത്ത സംരക്ഷിതപ്രദേശം ഏത്?

(A) ഇരവികുളം
(B) സൈലന്റ് വാലി
(C) പാമ്പാടുംചോല
(D) ശെന്തുരുണി

93. IUCN റെഡ് ലിസ്റ്റിൽ പെട്ട വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടാത്തത് ഏത്?

(A) Not threatened
(B) Endangered
(C) Least concern
(D) Vulnerable

94. വന്യജീവി സംരക്ഷണ നിയമം - 1972 ന്റെ വിവിധ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തി സംരക്ഷണം ഉറപ്പാക്കിയിട്ടുള്ള ജീവികളാണ് രാജ്യത്തെ :

(A) എല്ലാ പക്ഷികളും
(B) എല്ലാ സസ്തനികളും
(C) എല്ലാ ചിത്രശലഭങ്ങളും
(D) എല്ലാ പാമ്പുകളും

95. NTCA എന്നാൽ എന്ത്?

(A) ദേശീയ കടുവാ സംരക്ഷണ അതോറിട്ടി
(B) ദേശീയ കടുവാ സംരക്ഷണ ഏജൻസി
(C) ദേശീയ ദുരന്ത നിവാരണ അതോറിട്ടി
(D) ദേശീയ കടുവാ കണക്കെടുപ്പ് ഏജൻസി

96. വന്യജീവി സംരക്ഷണ നിയമം - 1972-ൽ വേട്ടയെ നിർവ്വചിക്കുന്ന സെക്ഷൻ :

(A) 2(15)
(B) 2(16)
(C) 2(17)
(D) 2(18)

97. നോട്ടിഫൈഡ് സാങ്ച്വറി അല്ലാത്തത് ഏത്?

(A) ചൂലന്നൂർ മയിൽ സാങ്ച്വറി
(B) മംഗളവനം പക്ഷിസങ്കേതം
(C) കുമരകം പക്ഷിസങ്കേതം
(D) തട്ടേക്കാട് പക്ഷിസങ്കേതം

98. റിസർവ്വ് വനത്തിന്റെ അന്തിമ വിജ്ഞാപനം കേരളവന നിയമം - 1961, സെക്ഷൻ ———— പ്രകാരം ചെയ്യുന്നു.

(A) സെക്ഷൻ-19
(B) സെക്ഷൻ-16
(C) സെക്ഷൻ-4
(D) സെക്ഷൻ-20

99. വ്യാജ അക്കൗണ്ടുകൾ ഉപയോഗിച്ച് സാമൂഹ്യമാധ്യമങ്ങളിലൂടെ ഒരു വ്യക്തിയെ അപകീർത്തിപ്പെടുത്തുന്നത് വിവര സാങ്കേതിക വിദ്യാ നിയമം 2000-ലെ ഏതു വകുപ്പ് പ്രകാരമാണ് ശിക്ഷാർഹമാവുന്നത്?

(A) വകുപ്പ് 66 D
(B) വകുപ്പ് 66 E
(C) വകുപ്പ് 66 B
(D) വകുപ്പ് 66 C

100. വിവര സാങ്കേതിക വിദ്യാ നിയമം 2000 അനുസരിച്ച് സാമൂഹ്യമാധ്യമങ്ങളിലൂടെ കുട്ടികളുടെ അശ്ലീലചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് കിട്ടാവുന്ന തടവുശിക്ഷ :

(A) 7 വർഷം
(B) 3 വർഷം
(C) 2 വർഷം
(D) 5 വർഷം

SPACE FOR ROUGH WORK

**SPACE FOR ROUGH WORK**

**FINAL ANSWER KEY**

**Question Paper Code: 035/2023**

**BEAT F0REST OFFICER (Plus Two Level Main Exam-2022) – FOREST**

**Medium of Question: MALAYALAM,ENGLISH**

**Date of Test: 9/5/2023**

| Q No. | ALPHACODE | | | |
|---|---|---|---|---|
| | A | B | C | D |
| 1 | C | X | B | D |
| 2 | D | B | D | B |
| 3 | X | D | B | C |
| 4 | B | B | C | D |
| 5 | D | C | D | X |
| 6 | B | D | X | B |
| 7 | B | B | C | A |
| 8 | D | C | A | B |
| 9 | B | A | B | B |
| 10 | C | B | B | D |
| 11 | A | B | D | B |
| 12 | B | D | B | C |
| 13 | A | C | B | B |
| 14 | B | D | B | A |
| 15 | C | B | A | B |
| 16 | D | B | B | C |
| 17 | B | A | C | D |
| 18 | B | B | D | B |
| 19 | B | A | A | D |
| 20 | C | B | D | A |
| 21 | A | A | D | C |
| 22 | B | D | A | B |
| 23 | A | D | C | C |
| 24 | D | A | B | A |
| 25 | D | C | C | B |
| 26 | A | B | A | B |
| 27 | C | C | B | C |
| 28 | B | A | B | A |
| 29 | C | B | C | B |
| 30 | A | B | A | A |
| 31 | B | C | B | D |
| 32 | C | D | B | A |
| 33 | A | B | A | C |
| 34 | D | A | C | C |
| 35 | B | C | C | A |
| 36 | A | C | A | D |
| 37 | C | A | D | B |
| 38 | A | D | A | A |
| 39 | D | A | A | A |
| 40 | A | A | A | D |
| 41 | A | A | D | A |
| 42 | C | D | B | A |
| 43 | D | B | A | C |
| 44 | B | A | C | D |
| 45 | A | C | D | B |
| 46 | C | C | C | A |
| 47 | C | C | A | C |
| 48 | C | A | C | C |
| 49 | A | C | C | C |
| 50 | C | C | C | C |

| Q No. | ALPHACODE | | | |
|---|---|---|---|---|
| | A | B | C | D |
| 51 | A | D | D | D |
| 52 | B | C | B | D |
| 53 | D | D | D | A |
| 54 | C | B | D | C |
| 55 | D | D | A | A |
| 56 | B | D | C | B |
| 57 | D | A | A | D |
| 58 | D | C | B | C |
| 59 | A | A | D | D |
| 60 | C | B | C | B |
| 61 | C | D | C | B |
| 62 | A | B | A | C |
| 63 | D | C | B | D |
| 64 | B | A | C | D |
| 65 | C | B | D | C |
| 66 | A | C | D | A |
| 67 | B | D | C | D |
| 68 | C | D | A | B |
| 69 | D | C | D | C |
| 70 | D | A | B | A |
| 71 | B | D | C | D |
| 72 | C | A | B | A |
| 73 | D | C | D | B |
| 74 | A | B | A | D |
| 75 | C | D | B | B |
| 76 | B | A | D | C |
| 77 | D | B | B | D |
| 78 | A | D | C | A |
| 79 | B | B | D | C |
| 80 | D | C | A | B |
| 81 | A | C | D | D |
| 82 | B | C | C | A |
| 83 | C | D | D | X |
| 84 | C | C | A | C |
| 85 | D | D | X | B |
| 86 | C | A | C | D |
| 87 | D | X | B | A |
| 88 | A | C | D | X |
| 89 | X | B | A | A |
| 90 | C | D | X | B |
| 91 | B | A | A | C |
| 92 | D | X | B | A |
| 93 | A | A | C | A |
| 94 | X | B | A | B |
| 95 | A | C | A | C |
| 96 | B | A | B | C |
| 97 | C | A | C | D |
| 98 | A | B | C | C |
| 99 | A | X | A | X |
| 100 | X | A | X | A |

**'X' DENOTES DELETION**